ഉത്തരം

(എ) 2009-2010 സാമ്പത്തിക വർഷം ആലപ്പുഴ ഒഴികെയുള്ള വിവിധ കലവറ യൂണിറ്റുകൾ വഴി 11854.32 ഘനമീറ്റർ മണലും ആലപ്പുഴ കലവറ യൂണിറ്റിൽ നിന്നും 1159.2 ടൺ മണലും വിപണനം നടത്തിയിട്ടുണ്ട്. ഈ മണൽ ബി.പി.എൽ. ഗുണഭോക്താക്കൾക്കും എ.പി.എൽ. ഗുണഭോക്താക്കൾക്കും കൂടാതെ സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം പൊതുതാൽപ്പര്യം അർഹിക്കുന്ന ഏതാനും പ്രവൃത്തികൾക്കുമാണ് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത്.

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ വിവിധ പദ്ധതികൾക്കായി 11-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 2200 ലക്ഷം രൂപ അംഗീകരിച്ചു. അതിന്റെ ഭാഗമായി കലവറ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന -ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.

ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് നടപ്പിലാക്കി. നിർമ്മിതി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു.

ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ധനസ്ഥിരത നിലനിർത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ

356 (4509) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ധനസ്ഥിരത നിലനിർത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിൽ നിന്നും ഈ സർക്കാരിന്റെ ധനനയത്തിൽ കാതലായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(സി) നിർമ്മാണ പ്രവർത്തികൾക്കുള്ള ബില്ലുകൾ പ്രകാരമുള്ള തുകകൾ നൽകുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) കേന്ദ്ര നികുതി വിഹിതം 13-ാം ധനകമ്മീഷൻ ശുപാർശ പ്രകാരം കുറയുന്നതുമൂലം സാമ്പത്തിക രംഗത്ത് ഉണ്ടാകുന്ന നഷ്ടം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് നികുതി വകുപ്പിൽ കാലോചിതമായ പരിഷ്ക്കാരങ്ങളും നൂതന സംവിധാനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയതോടൊപ്പം പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുകവഴി സംസ്ഥാനത്തിന്റെ തനത് വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. മെച്ചപ്പെട്ട ധനസ്ഥിരത നിലനിർത്താൻ കുടിശ്ശികകൾ ഇല്ലാതാക്കുകയും ചെലവ് ആസൂത്രിതമായി നടപ്പിലാക്കുകയും കടമെടുപ്പിന്റെ സമയക്രമം മുൻകൂട്ടി ആവിഷ്ക്കരിക്കുകയും ചെയ്തു.

(ബി) മുൻ സർക്കാരിൽനിന്നും വ്യത്യസ്തമായി ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിനും ചെലവുകൾക്ക് അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും പകരം സംസ്ഥാന വികസനത്തിനും ക്ഷേമപ്രവൃത്തികൾക്കും ആവശ്യം വരുന്ന തുക അനുവദിച്ച് ചെലവിനനുസൃതമായി വരവ് വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിയ ധനനയമാണ് ഈ സർക്കാർ അവലംബിച്ചുവരുന്നത്. മൂലധന ചെലവിലും വർദ്ധന ഉണ്ടായി. വലിയ തോതിലുള്ള നികുതി വർദ്ധനയും പുതിയ നികുതികളും ഒഴിവാക്കി നികുതി പിരിവ് കാര്യക്ഷമമാക്കിയും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയുമാണ് അധിക വിഭവ സമാഹരണം നടത്തുന്നത്.

(സി) ഏർപ്പെടുത്തിയിട്ടില്ല.

(ഡി) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശയിൽ കേരളത്തിനുള്ള സേവന യിതര നികുതി വിഹിതത്തിൽ 0.324 ശതമാനത്തിന്റെയും സേവന നികുതി വിഹിതത്തിൽ 0.322 ശതമാനത്തിന്റെയും കുറവാണ് 12-ാം ധനകാര്യ കമ്മീഷൻ ശുപാർശയെ അപേക്ഷിച്ച് ഉണ്ടായിരിക്കുന്നത്. 12-ാം ധനകാര്യ കമ്മീഷന്റെ വിഹിത നിരക്കുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുമായിരുന്നതിനെ അപേക്ഷിച്ച് ഏതാണ്ട് 5000 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് മതിപ്പുകണക്ക്.

157 (4511) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള സാമ്പത്തിക ഉത്തരവാദിത്വ നിയമത്തിലെ ലക്ഷ്യം എന്നു മുതൽ നടപ്പാക്കുവാൻ കഴിയും ;

(ബി) ഈ നിയമത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(സി) 2007 മാർച്ചിനു ശേഷം റവന്യൂ കമ്മി കുറയ്ക്കുവാൻ ഗവൺമെന്റിനു കളിഞ്ഞിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.എസ്.ഡി.പി.) എത്ര ശതമാനമാണ് നിലവിൽ സംസ്ഥാനത്തെ ധനക്കമ്മി ?

ഉത്തരം

(എ & ബി) 2003-ലെ കേരള സംസ്ഥാന ധനകാര്യ ഉത്തരവാദിത്വ നിയമത്തിലെ പ്രധാന നിർദ്ദേശങ്ങൾ പ്രകാരം 2006-07 -ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി പൂജ്യമാക്കാനും ധനക്കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 2% ആക്കാനും ലക്ഷ്യമിട്ടിരുന്നെങ്കിലും അത് സാധിച്ചിട്ടില്ല. എന്നാൽ 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly